(ഇ) പാക്കിംഗ് തൊഴിലാളികൾക്ക് വർഷംമുഴുവൻ തൊഴിൽ ലഭിക്കുവാൻ പൊതുമേഖലാ സ്ഥാപനങ്ങളിലെ തടികൾ ഉപയോഗപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) 23-7-1992 മുതൽ.

(സി) ഇതു സംബന്ധിച്ച വിവരങ്ങൾ അന്വേഷിച്ച് അറിയിക്കുന്നതാണ്.

(ഡി) ഇത്തരമൊരു കാര്യം വനംവകുപ്പിന്റെ പരിഗണനയിൽ ഇപ്പോൾ ഇല്ല.

(ഇ) തൽക്കാലം പരിഗണനയിൽ ഇല്ല.

45 (2605) വ്യാവസായികാവശ്യത്തിന് അസംസ്കൃത വിഭവങ്ങൾ വാങ്ങുന്നതിനുള്ള കരാർ

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. എം.കെ.മുനീർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാവസായികാവശ്യത്തിന് അസംസ്കൃത വസ്തുക്കൾ വിലയ്ക്ക് നൽകുന്നതിന് ഗ്രാസീം ഇൻഡസ്ട്രീസ് ലിമിറ്റഡ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്, ബാംബൂ കോർപ്പറേഷൻ എന്നിവയുമായുള്ള വനം വകുപ്പിന്റെ കരാർ പുതുക്കേണ്ടത് എന്നാണ്;

(ബി) അതനുസരിച്ച് കരാർ പുതുക്കിക്കഴിഞ്ഞോ;

(സി) ഇല്ലെങ്കിൽ എപ്പോഴാണ് കരാർ പുതുക്കുന്നത്?

ഉത്തരം

(എ) ഗ്രാസീം ഇൻഡസ്ട്രീസ് ലിമിറ്റഡ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് എന്നിവയുമായുള്ള കരാർ യഥാക്രമം 27-10-1993 മുതലും 1.7.91 മുതലും പുതുക്കേണ്ടതുണ്ട്. ബാംബൂ കോർപ്പറേഷനുമായുള്ള കരാർ 1.11.2000-ൽ പുതുക്കിയാൽ മതി.

(ബി)&(സി) ഗ്രാസിം ഇൻഡസ്ട്രീസ് ലിമിറ്റഡുമായുള്ള 27.10.1993 മുതൽ 31.8.99 വരെയുള്ള കരാറും ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡുമായുള്ള 1.7.91 മുതൽ 31.8.99 വരെയുള്ള കരാറും പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

46 (2606) വനവൽക്കരണം

ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. കെ.കുട്ടി അഹമ്മദ്കുട്ടി :
ശ്രീ. പി.കെ. അബ്ദുറബ്ബ് :

LIBRARY ARCHIVES Kerala Legislative Assembly